"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- Developing AR Based Heritage Walk Tour at Sree Padmanabha Swamy Temple Premises' എന്ന പദ്ധതിയുടെ ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.347/2025/TSM തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.209/2023/ടൂറിസം തീയതി 11-05-2023
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 04-05-2025 തീയതിയിലെ DOT/7298/2023-M3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം Developing AR Based Heritage Walk Tour at Sree Padmanabha Swamy Temple Premises' എന്ന പദ്ധതിയ്ക്ക് ₹ 60,18,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയിൽ ഇംഗ്ലീഷ് വിവരണത്തോട് കൂടിയ 1 മിനിറ്റ് ദൈർഘ്യമുള്ള 15 വീഡിയോകൾ, പദ്ധതിയെ സംബന്ധിക്കുന്ന ഗവേഷണം, കണ്ടൻറ് നിർമ്മാണം, ഇൻഫെയിസ് ഡിസൈൻ, ആപ്ലിക്കേഷൻ ഇന്റഗ്രേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. വിനോദസഞ്ചാര വകുപ്പിന്റെ ICT സൊല്യൂഷൻ പ്രൊവൈഡറായ M/s Invis Pvt Ltd എന്ന ഏജൻസിയ്ക്കാണ് ടി പദ്ധതി നിർവ്വഹണ ചുമതല നൽകിയിരുന്നത്.

(2). ടി പദ്ധതിയുടെ ഗവേഷണത്തിനും ഉള്ളടക്ക നിർമ്മാണത്തിനും മറ്റുമായി നിരവധി ചരിത്ര പുസ്തകങ്ങളും പുരാരേഖകളും പരിശോധിക്കുകയും പഠിക്കുകയും ചെയ്യേണ്ടി വന്നതിനാൽ ഇതിന് പ്രതീക്ഷിച്ചതിലും കൂടുതൽ സമയം വേണ്ടിവരുകയും, ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ പരിസരത്തുള്ള ചരിത്ര നിർമ്മിതികളുടെ വിഡിയോ, ഫോട്ടോ എന്നിവ എടുക്കുന്നതിന് അധികാരികളിൽ നിന്നും അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുകയും ചെയ്തതിനാൽ ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചില്ലായെന്നും, എന്നാൽ നിലവിൽ

ടി പദ്ധതി പൂർത്തീകരിച്ചതായും, പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ ബാക്കി തുക അനുവദിച്ച് നൽകുന്നതിലേക്കായി പദ്ധതിയുടെ ഭരണാനുമതി പുതുക്കി നൽകണമെന്നും പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായി Developing AR Based Heritage Walk Tour at Sree Padmanabha Swamy Temple Premises' എന്ന പദ്ധതിയ്ക്ക് നൽകിയിരുന്ന ₹60, 18,000 /-രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രോവിഷനിൽ ഉൾപ്പെടുത്തി പുതുക്കി നൽകി ഉത്തരവാകുന്നു.

**മേൽ പദ്ധതിയ്ക്ക് ബാക്കി നൽകാനുള്ള തുക കിഴിച്ച് മാത്രമേ** 3452-80-104-98-34-3 PV Marketing **ശീർഷകത്തിൽ, നടപ്പ് വർഷം മറ്റ് പദ്ധതികൾക്ക് തുക അനുവദിക്കാൻ പാടുള്ളൂ.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിനോദസഞ്ചാര(ബി) വകുപ്പ്
ധനകാര്യ വകുപ്പ് (ഫയൽ നം.3146370/വ്യയം-ബി2/159/2025-ധന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/119/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 21-06-2025 11:07:18

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.